**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) ഡയറക്ടർ ബോർഡിലെ ഔദ്യോഗിക അംഗമായി സൈനിക ക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ.മുഹമ്മദ് റിയാസ്-നെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(സാധാ)നം.26/2023/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം , 17.04.2023**

---

പരാമർശം : - സ.ഉ(സാധാ)നം.33/2022/സൈ.ക്ഷേ.വ തീയതി 03.06.2022

## <u>ഉത്തരവ്</u>

**1.** സൈനിക ക്ഷേമ വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി.ആർ താരാദേവിയെ പരാമർശം പ്രകാരം കെക്സ്കോൺ ഡയറക്ടർ ബോർഡിലെ ഔദ്യോഗിക അംഗമായി നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ശ്രീമതി.ആർ താരാദേവി 28.02.2023 ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതും തുടർന്ന് ശ്രീ.മുഹമ്മദ് റിയാസ് അഡീഷണൽ സെക്രട്ടറി സൈനിക ക്ഷേമ വകുപ്പിന്റെ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്.

3. ഈ സാഹചര്യത്തിൽ കെക്സ്കോണിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ ആർട്ടിക്കിൾ 1(h), 14(i) എന്നീ വ്യവസ്ഥകൾ പ്രകാരമുള്ള അധികാരം വിനിയോഗിച്ച്, സൈനിക ക്ഷേമ വകുപ്പിലെ അഡീഷണൽ സെക്രട്ടറി

ശ്രീ. മുഹമ്മദ് റിയാസ്-നെ കെക്സ്കോണിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ ഔദ്യോഗിക അംഗമായി നിയമിച്ച് ഉത്തരവാകുന്നു.

4. ശ്രീ.മുഹമ്മദ് റിയാസ് കെക്സ്കോൺ ഡയറക്ടർ ബോർഡിലെ ഔദ്യോഗിക അംഗം എന്ന നിലയ്ക്ക് കെക്സ്കോണിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ 14(ii), 15 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള ചുമതലകൾ നിർവഹിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അനിൽ ജോണി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്-

1. ശ്രീ.മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, സൈനിക ക്ഷേമ വകുപ്പ്
2. ചെയർമാൻ, കെക്സ്കോൺ , അമൃത ഹോട്ടലിന് എതിർവശം, തൈക്കാട്, തിരുവനന്തപുരം. - 685014
3. മാനേജിംഗ് ഡയറക്ടർ, കെക്സ്കോൺ, അമൃത ഹോട്ടലിന് എതിർവശം, തൈക്കാട്, തിരുവനന്തപുരം - 685014
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ) കേരള തിരുവനന്തപുരം..
5. ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ, ഐ & പി ആർ.ഡി
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ